**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്, ശ്രീ. മഞ്ഞളാംകുഴി അലി , ശ്രീ. എൻ. എ. നെല്ലിക്കുന്ന് , ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ട്. ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളിൽ ആകെ സീറ്റുകളുടെ എണ്ണത്തിന്റെ 20% പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. സംവരണം പാലിച്ചു കൊണ്ടാണ് അഡ്മിഷൻ നടത്തി വരുന്നത്. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ പ്രവേശനം ലഭിച്ച ശേഷം കോഴ്സ് പൂർത്തിയാക്കാത്ത പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുണ്ടോ; | (ബി) | ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതു പ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. ഇപ്രകാരം റിപ്പീറ്റ് ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും അക്കാഡമിക് അലവൻസിന്റെ 50% നിരക്കിലുള്ള തുകയും പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു തവണത്തേക്കും, പട്ടികവർഗ വിദ്യാർത്ഥികൾക്ക് മൂന്ന് തവണത്തേക്കും അനുവദിക്കുന്നുണ്ട്. എഞ്ചിനിയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റമഡിയൽ കോച്ചിംഗ് നൽകി വരുന്നു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം നൽകുന്നുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതു പ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. ഇപ്രകാരം റിപ്പീറ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും അക്കാഡമിക് അലവൻസിന്റെ 50% നിരക്കിലുള്ള തുകയും പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു തവണത്തേക്കും, പട്ടികവർഗ വിദ്യാർത്ഥികൾക്ക് മൂന്ന് തവണത്തേക്കും അനുവദിക്കുന്നുണ്ട്. എഞ്ചിനിയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റമഡിയൽ കോച്ചിംഗ് നൽകി വരുന്നു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം നൽകുന്നുണ്ട്. |
| (ഡി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൽകിവരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, വിദേശപഠന സ്കോളർഷിപ്പുകൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. അതുപ്രകാരം കേന്ദ്രവിഹിതം ലഭിക്കാത്ത കംപോണന്റുകൾ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ